ത്വലബുൽ ഇൽമിന്റെ വസന്തകാലം

പുതിയ ഹിജ്റ വർഷത്തിൽ

അബൂ അബ്ദില്ലാഹ് മിഖ്ദാദ് അൽ ഹിന്ദി غفر الله له ولوالديه

t.me/uloomussunnah www.uloomussunnah.com, www.ahsanqawl.com

بسم الله الرحمن الرحيم

إن الحمد لله نحمده، ونستعينه ونستغفره، ونعوذ بالله من شرور أنفسنا ومن سيئات أعمالنا؛ من يهده الله فلا مضل له، ومن يضلل فلا هادي له، واشهد أن لا إلا الله وحده لا شريك له، وأشهد أن محمدا عبده ورسوله

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَلْتَنظُرْ نَفْسٌ مَّا قَدَّمَتْ لِغَدٍ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ﴾ [الحشر : ١٨]

മഹത്തായ ബലികർമ്മത്തിനും, ഭക്ഷണപനീയങ്ങളുടേയും കൂടുതലായുള്ള അല്ലാഹുവിന്റെ സ്മരണയുടേയും, ഈദ് ദിനത്തിലെ ആഘോഷങ്ങൾക്കും ശേഷം ഈ പുതുവർഷത്തിൽ ത്വലബുൽ ഇൽമിന്റെ വസന്തകാലത്തെ സ്വാഗതം ചെയ്യുകയാണ് തുല്ലാബുൽ ഇൽമ്.

ത്വാലിബുൽ ഇൽമ് തന്റെ വിലപ്പെട്ട സമയവും ജീവിതരീതികളും ഒന്ന് ചിട്ടപ്പെടുത്തിയാൽ അല്ലാഹുവിന്റെ തൗഫീക്കോടുകൂടി ഈ എട്ടുമാസക്കാലയളവിൽ വളരെയധികം നേട്ടങ്ങൾ കൈവരിക്കാവുന്നതാണ്.

അഹ്ലുസ്സുന്നയുടെ മർക്കസുകൾക്ക് പ്രത്യേക അവധി ദിനങ്ങളൊന്നുമില്ല, എന്നാലും റമളാനിലെ ദഅ്വക്ക് പോകലും പെരുന്നാളിലെ ആഘോഷങ്ങളും പൊതുവായതല്ലാത്ത ദുറൂസുകളെല്ലാം നിർത്തിവെക്കാൻ കാരണമാകുന്നു.

എന്നാൽ മുഹറം മുതൽ ശഅ്ബാൻ വരെയുള്ള മാസങ്ങൾ തുടർച്ചയായ ഇടമുറിയാത്ത ത്വലബുൽ ഇൽമിന്റെ ദിനങ്ങളാണ്. ത്വലബുൽ ഇൽമിന്റെ വസന്തകാലം....

ആത്മാർത്ഥമായി ത്വലബുൽ ഇൽമ് ഉദ്ധേശിക്കുന്നവർക്ക് സഹായകമായ ചില നിർദ്ദേശങ്ങളാണ് ഇവിടെ പറയാൻ ഉദ്ദേഷിക്കുന്നത്. ചില പുതിയ തുല്ലാബുകൾ ഈ വിഷയത്തിൽ നസ്വീഹ ആവശ്യപ്പെട്ടതാണ് ഈ തൂലിക ചലിപ്പിക്കുന്നതിന്റെ പശ്ചാത്തലം.

ഒന്നാമതായി;

1: ശഹ്‌വത്തുകളിൽ നിന്നും ശുബ്ഹത്തുകളിൽ നിന്നും മറ്റു മ’ആസിയത്തുകളിൽ (ചിത്രങ്ങൾ, അള്ളാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് വഴിതെറ്റിക്കുന്ന വിനോദ വർത്തമാനങ്ങളിൽ പെട്ട <മ്യൂസിക്ക്, മറ്റു ഗൈമുകൾ>, ഹറാമായ സമ്പാദ്യം,....) നിന്നും സ്വന്തത്തെ ശുദ്ധീകരിച്ച് നല്ല നിയ്യത്തോടെ മറ്റു തിരക്കുകളെല്ലാം മാറ്റിവെച്ച് തന്റെ സമയം പൂർണമായും ഇൽമിനും ഇബാദത്തിനും മാറ്റിവെച്ചുകൊണ്ട് അള്ളാഹുവിന്റെ സഹായം തേടിക്കൊണ്ട് ത്വലബുൽ ഇൽമിന് തയ്യാറെടുക്കുക.

قال الشافعي رحمه الله : شكوت إلى وكيع سوء حفظي فأرشدني إلى ترك المعاصي
وأعلمني أن العلم نور ونور الله لا يؤتى لعاصي

ഇമാം ശാഫിഈ رحمه الله **പറഞ്ഞു:**

‘തീർച്ചയായും അറിവ് പ്രകാശമാകുന്നു; അള്ളാഹുവിന്റെ പ്രകാശം ഒരു പാപിക്ക് നൽകപ്പെടില്ല.’

وقال سهل التستري: حرام على قلب أن يدخله النور وفيه شيء مما يكره الله عز وجل

സഹൽ അത്തസ്തുരി رحمه الله **പറഞ്ഞു:**

അള്ളാഹു വെറുക്കുന്ന കാര്യങ്ങളുള്ള ഹൃദയത്തിലേക്ക് അള്ളാഹുവിന്റെ പ്രകാശം പ്രവേശിക്കുന്നത് നിഷിദ്ധമാണ്.

2: ഹിഫ്ളും ദുറൂസുകളും തുടങ്ങുന്നതോടൊപ്പം തന്നെ അള്ളാഹുവിന്റെ പ്രീതിയിലുള്ള വാജിബായ കാര്യങ്ങളിലും മുസ്തഹബ്ബായ കാര്യങ്ങളിലും വീഴ്ച്ച വരുത്താതെ അള്ളാഹുവിനോട് കൂടുതൽ അടുപ്പം സിദ്ധിക്കുന്ന കാര്യങ്ങളിലേക്ക് മുന്നേറുക.

മാതാപിതാക്കൾക്ക് നന്മ ചെയ്ത് മാതാപിതാക്കളുടെ പ്രീതി, സ്ത്രീക്ക് ഭർത്താവിന്റെ പ്രീതി, നല്ല സ്വഭാവവും പെരുമാറ്റവും, രാത്രി നമസ്കാരം, ആ സമയത്തെ ഇസ്തിഗ്ഫാർ, ദുആ, സ്വലാതുൽ ഫജ്ർ, ജമാഅത്തോടു കൂടിയ തക്ബീറതുൽ ഇഹ്റാം ലഭിക്കുന്ന മറ്റു ഫർള് നമസ്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, അള്ളാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കൽ, അദ്കാറുകൾ, എല്ലാ സമയത്തേയും മുൻപും ശേഷവുമുള്ള

നമസ്കാരത്തിന്റെ സുന്നത്ത്, ഒന്നാമത്തെ സ്വഫ്ഫിലേക്ക് മുന്നേറാൻ ശ്രമിക്കുക, ജുമുഅ ദിവത്തിൽ ഫജ്റിനു തന്നെ കുളിച്ച് പള്ളിയിലേക്ക് നടന്ന് പോയി ഓരോ കാലടിവെക്കുമ്പോഴും നേടുന്ന മഹത്തായ പ്രതിഫലം, നമസ്കരിച്ച സ്ഥലത്ത് തന്നെ ഇരിക്കലും മലക്കുകളുടെ ഇസ്തിഗ്ഫാർ നേടലും, ഓരോ ആയത്തിനും ഒരോ ഒട്ടകത്തേക്കാൾ പ്രതിഫലമുള്ള അതിരാവിലെ പള്ളിയിൽ പോയുള്ള കുർആൻ പഠനം, ശുറൂക്ക് കഴിഞ്ഞുള്ള മഹത്തായ പ്രതിഫലമുള്ള രണ്ടു റക്അത്തും. (സഹോദരിമാർ ഇത് വീട്ടിൽ ചെയ്താൽ ഈ പ്രതിഫലം ലഭിക്കുന്നതാണ്)

ഇതെല്ലാം അള്ളാഹുവിന്റെ കൂടുതൽ പ്രീതി നേടാനും അതിലൂടെ ത്വലബുൽ ഇൽമിൽ അവന്റെ സഹായവും ബർക്കത്തും ലഭിക്കാൻ കാരണമാകുന്നു.

3: സൽകർമ്മങ്ങളെ കാർന്നുതിന്നുന്ന രിയാഅ് എന്ന മാരകരോഗത്തെ ഇഖ്ലാസ് എന്ന ഒറ്റമൂലികൊണ്ട് പരിചരിക്കുക. സൽകർമ്മങ്ങൾ നമുക്കും നമ്മുടെ റബ്ബിനിടയിലും രഹസ്യമാക്കാൻ ശ്രമിക്കുക.
സലഫുകളിൽ നമുക്ക് അതിനെല്ലാം നിരവധി പാഠങ്ങളുണ്ട്.
അവർ തന്നെയാണ് ഏറ്റവും കൂടുതൽ അനുകരിക്കാൻ അനുയോജ്യരായത്.

*40 വർഷത്തോളം ഏറ്റവും അടുത്ത സ്വന്തം ഭാര്യപോലും അറിയാതെ നോമ്പ് നോറ്റ ദാവൂദ് ഇബ്ൻ അബീ ഹിന്ദ്; വീട്ടിൽ നിന്ന് എടുത്ത പ്രഭാതഭക്ഷണം വഴിയിൽ സ്വദഖ ചെയ്യും; തിരിച്ച് വീട്ടിൽ വന്ന് രാത്രിഭക്ഷണം കഴിക്കും...

***സാഹിബു-ന്നുഖബ്** എന്നറിയപ്പെടുന്ന; യുദ്ധം ശക്തമായ പ്രതിസന്ധിഘട്ടത്തിൽ ആളറിയാതെയിരിക്കാൻ മുഖം മറച്ച് ശത്രുക്കളുടെ ഇടയിലേക്ക് കുതിച്ച് കയറി ശത്രുക്കളുടെ കോട്ടവാതിൽ പൊളിച്ച് മുസ്ലിംകൾക്ക് വിജയം സമ്മാനിച്ച പ്രശസ്തി ആഗ്രഹിക്കാത്ത ആ വ്യക്തി.
*മുഹമ്മദ് ഇബ്ൻ വാസിഅ് رحمه الله ചില സലഫുകളെക്കുറിച്ച് പറയുന്നു:
ഒരേ തലയിണയിൽ കിടന്നുറങ്ങുമ്പോൾ അള്ളാഹുവിനെ ഭയപ്പെട്ട് കരയുന്നവർ; കണ്ണുനീര് തലയണ നനച്ചിട്ടും സ്വന്തം ഭാര്യയെ കേൾപ്പിക്കാതെ അവർ കരച്ചിൽ അടക്കാറുണ്ടായിരുന്നു.

*അയ്യൂബ് അസ്സിക്തിയാനി; രാത്രി മുഴുവൻ ഏഴുന്നേറ്റ് നമസ്കരിക്കുന്നു; രാത്രി മുഴുവനും ശബ്ദം കുറച്ച് ഓതി; ഫജ്റിനു മുൻപ് ശബ്ദം ഉയർത്തി ഓതാൻ തുടങ്ങും ഇയാൾ ഇപ്പോഴേ ഏഴുന്നേറ്റുള്ളൂ എന്ന് ആളുകൾ അറിയാൻ വേണ്ടി...
ഉവൈസ് അൽ ഖറണി, അബ്ദുള്ള ബിൻ മുബാറക്...

ഇതെല്ലാം ചില ഉദാഹരണങ്ങൾ മാത്രമാണ്.
ഇന്ന് നമ്മുടെ അവസ്ഥ എന്താണ് ഒരു ചെറിയ സൽകർമ്മം ചെയ്താൽ മതി അത് വാട്സാപ്പിന്റെ സ്റ്റേജിൽ പ്രദർശിപ്പിക്കപ്പെടുന്നു. والله المستعان

കവി പാടിയത് പോലെ;

'فتشبهوا بهم إن لم تكونوا مثلهم إن التشبه بالكرامِ فلاحُ'

'അവരെ അനുകരിക്കുക (നമ്മുടെ സലഫുകളെ) അവരെപ്പോലെ ആകാൻ സാധിച്ചില്ലെങ്കിലും സന്മാർഗ്ഗികളായവരെ അനുകരിക്കുന്നത് വിജയമാകുന്നു.'

4: നടക്കുമ്പോഴും ഹിഫ്ള് ചെയ്യാൻ ഇരിക്കുമ്പോഴും; ഇടക്കിടെയുള്ള തിരിഞ്ഞു നോട്ടം ഒഴിവാക്കുക. ദൃഷ്ടി താഴ്ത്തൽ ശീലമാക്കുക.

മാൻ ഏറ്റവും വേഗത്തിൽ ഓടുന്ന മൃഗമായിട്ടും സിംഹത്തിന് അതിനെ പിടിക്കാൻ കഴിയുന്നത് ഇടക്കിടെയുള്ള തിരിഞ്ഞുനോട്ടം എന്ന രോഗം കാരണമാണ്.

ഈ അസുഖം നമ്മുടെ ശ്രദ്ധയെ കവർന്നെടുക്കും; അതുപോലെത്തന്നെ മറ്റുപല ഭവിഷത്തുകളും ഈ രോഗത്തിനുണ്ട്.

അതു കൊണ്ടാണ് പറയപ്പെടുന്നത്:

'من كثر الالتفات يدركه العدو'

'തിരിഞ്ഞുനോട്ടം വർദ്ധിപ്പിക്കുന്നവനെ ശത്രു പിടിക്കും'

അതുപോലെത്തന്നെ; ത്വാലിബുൽ ഇൽമ് തന്റെ ഇന്നലെയിലേക്ക് തിരിഞ്ഞുനോക്കി ഒന്നും നേടിയില്ലല്ലോ എന്ന് നിരാശയിലാകരുത്; കഴിഞ്ഞത് കഴിഞ്ഞു ബാക്കിയുള്ള നാളെയെ ഫലപ്രദമാക്കുക; അതാണ് വേണ്ടത്.

5: ത്വാലിബുൽ ഇൽമ് ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാനവിഷയമാണ്;

ഒരു മർക്കസിൽ ത്വലബുൽ ഇൽമ് ഉദ്ദേശിച്ചാൽ അവിടെ അധികം സുഹൃത്തുക്കളെ ഉണ്ടാക്കാൻ ശ്രമിക്കരുത്; നിങ്ങളെ ആ മർക്കസിലെ ആരും അറിയാത്ത രീതിയിൽ പള്ളിയുടെ ഒരു മൂലക്ക് കൂടി; കുർആനിനേയും, രിയാളുസ്സാലിഹീനിനേയും അടുത്തസുഹൃത്താക്കാൻ കഴിഞ്ഞാൽ അവൻ വിജയം കൈവരിച്ചു. ഇന്ന് അറിയപ്പെടുന്ന നമ്മുടെ മിക്ക മഷായിഖുകളും ഈ മാർഗ്ഗം സ്വീകരിച്ചവരായിരുന്നു.

ഇങ്ങനെയുള്ള ത്വലബുൽ ഇൽമിന് ഒഴിഞ്ഞിരിക്കുന്നതിന് വിലങ്ങുതടിയാകുന്ന ഒന്നാണ് ഇടക്കിടെ അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്രകൾ; സ്വന്തമായ വാഹന സൗകര്യം ഇതിന് വഴിയൊരുക്കുന്നു. അങ്ങനെയുള്ളവർക്ക് സുഹൃത്തുക്കൾ കൂടും. ആ ആൾക്ക് ആ ആവശ്യം, മറ്റാൾക്ക് ഈ ആവശ്യം; ആവശ്യങ്ങൾ ഒരിക്കലും അവസാനിക്കുന്നതല്ല. നിങ്ങളുടെ ത്വൽബുൽ ഇൽമ് വെള്ളത്തിൽ വരച്ച വരപോലെയും....!

ഈ നസീഹത്ത് പുതിയ ഒരു ത്വാലിബിനോട് പറഞ്ഞപ്പോൾ കുറച്ച് നേരം മൗനം പാലിച്ചതിനു ശേഷം എന്നോടുപറഞ്ഞു: മിഖ്ദാദ്ക്കാ... ശരിയാണ് പറഞ്ഞത് ഞാൻ ഇവിടെ വന്ന് കാറ് വാങ്ങിച്ചു സുയിപ്പായിപ്പോയി...

ഇനി ഇങ്ങനെയുള്ള സൗകര്യങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണെങ്കിൽ; വാഹനം ഒരു സ്ഥലത്ത് പൂട്ടിയിട്ട് മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം തന്റെ ആവശ്യങ്ങളെല്ലാം ഒരു പേപറിൽ ഒരുമിപ്പിച്ച് അതെല്ലാം വാങ്ങി വീട്ടിൽ സജ്ജീകരിച്ച് ത്വലബുൽ ഇൽമിന് ഒഴിഞ്ഞിരിക്കുക.

ജീവിത സൗകര്യങ്ങൾ പരിമിതപ്പെടുത്തുക. ലളിതജീവിതം ശീലമാക്കി അതിൽ ക്ഷമിച്ച് കിട്ടിയ അവസരം ഉപയോഗപ്പെടുത്തുക; അത് നഷ്ടപ്പെടുന്നതിന് മുൻപ്; കാരണം അനുഗ്രഹങ്ങൾ എന്നും നിലനിന്നെന്ന് വരില്ല; അത്പോലെത്തന്നെ അതിന് ശത്രുക്കൾ ഏറെയുണ്ട്താനും.

ദുനിവിലെ നേട്ടങ്ങൾ സമ്പാദിക്കാൻ അവസരങ്ങൾ ഏറെയാണ്. കാരണം ഓരോ ദിവസം ചെല്ലുന്തോറും ദുനിയാവ് വികസിച്ചുകൊണ്ടിരിക്കുകയയും കൂടുതൽ അവസരങ്ങളും വർദ്ധിച്ചു വരികയും ചെയ്യുന്നു: എന്നാൽ ഓരോ ദിനങ്ങൾ കഴിയുമ്പോളും ത്വലബുൽ ഇൽമിന്റെ മറാക്കിസുകളും അവസരങ്ങളും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ശത്രുക്കൾ അതിനുവേണ്ടി അതിയായ പരിശ്രമത്തിലാണ്, അതോടൊപ്പം തന്നെ ദുനിയാവ് ഒരു വശത്ത് നിന്ന് പിടിച്ചുവലിക്കുകയും ചെയ്യുന്നു.... ദമ്മാജും, മാഅ്രിബിലെ അമൂദിലെ ദാറുൽ ഹദീഥും വേദനിപ്പിക്കുന്ന ഓർമ്മകളായി മാറിയിരിക്കുകയാണ്. والله المستعان

തങ്കലിപികളിൽ എഴുതാവുന്ന ഉമർ رضي الله عنه **വിന്റെ രണ്ട് അഥറുകളാണ്;**

'اخشوشنوا فإن النعم لا تدوم'
'وجدنا خير عيشنا بالصبر'

6: കൂടുതൽ സുഖസൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ ത്വലബുൽ ഇൽമിന്റെ മാധുര്യം നഷ്ടപ്പെടും; ദമ്മാജിൽ ഷൈഖ് മുഖ്ബിൽ رحمه الله യുടെ കാലത്ത് പത്തുപേർക്കുള്ള കറിപ്പാത്രത്തിൽ വിരലിലെണ്ണാവുന്ന പയറുമണികളും ഓരോ റൊട്ടിയുമാണ് ലഭിച്ചിരുന്നത്. അന്നവർ അങ്ങേയറ്റം ഇൽമിലും ഇബാദത്തിലും മുഴുകുന്നവരായിന്നു. ഇന്ന് പയറുമണിയും റൊട്ടിയും മറ്റു സൗകര്യങ്ങളും വർദ്ധിച്ചപ്പോൾ ഇൽമിനും ഇബാദത്തിനും പകരം വാട്സാപ്പിലും സൂഖിലുമായിപ്പോയി.... نسأل الله العافية

അള്ളാഹു سبحانه وتعالى ദുനിയാവ് വിശാലമാക്കിക്കൊടുത്ത തുല്ലാബുകൾ നമ്മുടെ ഇടയിൽ ഉണ്ടായേക്കാം; അവരിലെ സൗകര്യങ്ങളിലേക്ക് എത്തി നോക്കുന്നവരാകരുത് നമ്മൾ; അത് വളരെ നിന്ദ്യമായ കാര്യമാണ്.
അത് അവർ ശരിയായ രീതിയിൽ കൈകാര്യം ചെയ്തില്ലെങ്കിൽ അവർക്ക് തന്നെ ഫിത്നയായി മാറും. അള്ളാഹു നിങ്ങളുടെ ദുനിയാവിന്റെ കാര്യങ്ങൾ എളുപ്പമാക്കി തന്നിട്ടുണ്ടെങ്കിൽ അത് ഇല്ലാത്തവരുടെ മുൻപിൽ കൂടുതലായി നിങ്ങളത് പ്രദർശിപ്പിക്കാൻ ശ്രമിക്കരുത്. മറിച്ച് അത് മൂടിവെക്കാൻ ശ്രമിക്കുക; കാരണം നിങ്ങളുടെ കൂടെയുള്ളവർ അധികവും ഫുഖറാക്കളാണ് പ്രത്യേകിച്ച് യെമനികൾ. അത് ചിലപ്പോൾ എത്തിനോട്ടത്തിന് കാരണമായേക്കാം, അത് പോലെത്തന്നെ അതിൽ അസൂയപൂണ്ട് ആ അനുഗ്രഹം നഷ്ടപ്പെടാൻ കാരണമായേക്കാം.

ദുനിയാവിന്റെ അനുഗ്രഹങ്ങളെപ്പറ്റി വേവലാതിപ്പെടേണ്ടതില്ല. അതിനെ തേടിപ്പോകുകയും വേണ്ട. ഇബാദത്തിന് വേണ്ടി ഒഴിഞ്ഞിരുന്നാൽ അത് നമ്മെ തേടിയെത്തിക്കൊള്ളും.

വിശപ്പ് കാരണം റസൂൽ (صلى الله عليه وسلم) യുടെ മിമ്പറിന്റെ അടുത്ത് ബോധംകെട്ട് വീഴാറുണ്ടായിരുന്ന അബൂഹുറൈറ رضي الله عنه പിന്നീട് കൂഫയിലെ അമീറായി മാറുകയും വിലപിടിപ്പുള്ള തന്റെ വസ്ത്രത്തിൽ മൂക്ക് ചീറ്റുന്ന അവസ്ഥയിൽ അദ്ധേഹം തന്റെ പഴയ അവസ്ഥ ഓർക്കാറുണ്ടായിരുന്നു.

7: തുല്ലാബുകൾക്കിടയിലുള്ള പരസ്പര സഹകരണം സ്തുത്യർഹമാണ്, പ്രത്യേകിച്ച് സ്വന്തം നാട്ടുകാരുടെ ഇടയിൽ; എന്നാൽ അത് അധികരിപ്പിച്ച് പരസ്പരം മുഷിപ്പ് വരുത്തുന്ന അവസ്ഥയിലേക്കെത്തിക്കരുത്. അത് പല പ്രശ്നങ്ങൾക്കും വഴിവെക്കാറുണ്ട്. വിശിഷ്ടമായ സ്വഭാവഗുണങ്ങളുള്ളവരായിരിക്കണം നാളെ ദാഇകളാകേണ്ട തുല്ലാബുൽ ഇൽമ്. സ്വയം പര്യാപ്തത നേടുക; മറ്റുള്ളവരെ ആശ്രയിക്കുന്നത് പരമാവധി ഒഴിവാക്കുക. അത് അമിതമാക്കുന്നത് തരംതാഴ്ന്ന പണിയാണ്. സ്വയം പര്യാപ്തത അഭിമാനയും ഔന്നിത്യവുമാണ്.

സുനനിൽ ഥൗബാൻ رضي الله عنه വിന്റെ ഹദീഥിൽ : ആരോടും ഒന്നും ചോദിക്കില്ല എന്ന് ഉറപ്പ് തരുന്നവർക്ക് റസൂൽ صلى الله عليه وسلم സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നു ഇതു കേട്ടതിനുശേഷം സഹാബത്തുകൾ യാത്രാമൃഗത്തിന്റെ മുകളിലാണെങ്കിലും എന്തെങ്കിലും അവരിൽ നിന്ന് വീണാൽ ആരോടും സഹായം ചോദിക്കാതെ സ്വന്തമായി ഇറങ്ങി ആ സാധനം എടുക്കുമായിരുന്നു.

നാം ഒരാളോട് ഉപകാരം ആവശ്യപ്പെട്ടാൽ അല്ലെങ്കിൽ നമുക്ക് ഉപകാരം ചെയ്താൽ പ്രത്യുപകാരം ചെയ്യണമെന്നാണ് റസൂൽ صلى الله عليه وسلم നമ്മെ പഠിപ്പിച്ചത് ഇല്ലെങ്കിൽ جزاك الله خيرا എന്നെങ്കിലും പറയണം.
കാരണം നമ്മൾ ഒരാളിൽ നിന്നും ഉപകാരം സ്വീകരിക്കപെട്ടാൽ അയാൾക്ക് ഒരു രീതിയിലുള്ള കീഴ്‌വഴക്കം അവിടെ ബാക്കിയാകും. അതൊഴിവാക്കാൻ പ്രത്യുപകാരം സഹായിക്കുന്നു. ആരോടും ഒന്നും ചോദിക്കതിരിക്കൽ തൗഹീദിന്റെ പൂർണതയിൽ പെടുന്നു, അതു കൊണ്ടാണ് അതിന് ഉന്നതമായ സ്വർഗ്ഗം വാഗ്ദാനം നൽകപ്പെട്ടത്.

കിതാബു തൗഹീദിന്റെ വിശദീകരണത്തിൽ ഈ വിഷയത്തിൽ ഷൈഖ് അൽ ഉതൈമീൻ رحمه الله ന്റെ വാക്കുകൾ വളരെ മനോഹരമാണ്.

ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ദഅ്വത്തിന്റെ മുന്നിൽ നിൽക്കുന്നവർ വളരെ ശ്രദ്ധിക്കേണ്ടതാണ്.

8: ഇനി കുറച്ച് ത്വിബ്ബുമായി ബന്ധപ്പെട്ട്; നമ്മുടെ ശാരീരികമാനസിക ആരോഗ്യത്തിന് ഉപകരിക്കുന്ന ചില കാര്യങ്ങൾ നോക്കാം; അത് നമ്മുടെ ത്വലബുൽ ഇൽമിൽ നമ്മെ സഹായിക്കും بإذن الله

*രാത്രിയിൽ നേരത്തെയുള്ള ഉറക്കം ത്വാലിബുൽ ഇൽമിന് വളരെ ഉപകാരപ്രധമാണ്. വൈദ്യം പറയുന്നത് പോലെ; രാത്രിയിലെ ആദ്യയാമങ്ങളിലുള്ള 2 മണിക്കൂർ ഉറക്കം 4 മണിക്കൂർ ഉറങ്ങുന്നതിന് തുല്യമാണ്. അതാണ് സുന്നത്തും, (كان يكره الحديث بعدها)

അതുമൂലം നേരത്തേ എഴുന്നേൽക്കാനും ഖിയാമുല്ലൈലിനും, ദുആക്കും അവസാനയാമങ്ങളിൽ ഹിഫ്ള് ചെയ്യാനും പിന്നീട് ഫജ്ർ മുതൽ ളുഹർ വരെ ഉന്മേഷത്തോടെ ത്വലബുൽ ഇൽമ് നടത്താനും സഹായിക്കുന്നു. ഹിഫ്ള് ചെയാൻ ഏറ്റവും നല്ല സമയമാണ് അന്ധ്യയാമങ്ങൾ; പിന്നീട് ഫജ്രിനു ശേഷവും.

നേരത്തെ ഉറങ്ങിയാൽ ഒരാൾക്ക് 3 - 4 മണിക്കൂർ മതിയാകുന്നതാണ്. രാത്രി കുറച്ച് ഉറക്കവും നീണ്ട ഖിയാമും ഫജ്ര് നമസ്കരത്തിൽ ഉറക്കം തൂങ്ങാൻ കാരണമാക്കും; പിന്നീട് ഫജ്രിന് ശേഷമുള്ള ദീർഘമേറിയ ഉറക്കത്തിനും. അത് ത്വലബുൽ ഇൽമിനെ ബാധിക്കും. അത് കൊണ്ട് നേരത്തെ ഉറങ്ങി ശരീരത്തിന് മതിയായ വിശ്രമം നൽകി രാത്രി നമസ്കാരവും ദുആയും ഇസ്തിഗ്ഫാറും കഴിഞ്ഞ് അല്ലാഹുവിന്റെ സഹായം തേടി കൂടുതൽകരുത്തോടെ പകലിലെ ഹിഫ്ളിനും മുറാജഅകും ദുറൂസുകൾക്കും തയ്യാറെടുക്കാം.

നല്ല ഒരു ഫ്ളാസ്കും പള്ളിയിൽ നിലത്ത് ഇരിക്കാൻ കഴിയുന്ന ഒരു കസേരയും കരുതുന്നത് ത്വലബുൽ ഇൽമിന് ഉപകരിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്. (കോഫിയോ ഗ്രീൻ ടീ) യോ ഉപയോഗിക്കുന്നത് രാവിലേയുണ്ടാകുന്ന ഉറക്കം ഒഴിവാക്കാനും ഉന്മേഷം ലഭിക്കാനും സഹായിക്കും. بإذن الله

പാല് ചേർത്ത കോഫി കാലത്ത് കുടിക്കരുത്; കാരണം പാല് ഉറക്കത്തിന് കാരണമാക്കും. പഞ്ചസാരക്ക് പകരം തേൻപോലെയുള്ള നാച്ചുറലായ മധുരം ഉപയോഗിക്കുക.

പഞ്ചസാര ശരീരത്ത് കഫം വർദ്ധിപ്പികും, അത് പല അസുഖങ്ങൾക്കും കാരണമാക്കും; അതു പോലെത്തന്നെ ഫജ്‌റിലെ ഉറക്കത്തിന് കാരണമാക്കുന്നതാണ്. മതിയായ ന്യൂട്രീഷന്റെ കുറവും ശരിയായി നടു നിവർത്താതെയുള്ള ഇരുത്തവും . ഫ്‌ളൂർ ചെയറ് ഇരുത്തത്തിന് സഹായിക്കും. രാവിലെ പള്ളിയിലേക്ക് വരുന്നതിന് മുൻപ് കുറച്ച് ഭക്ഷണം കഴിക്കാൻ ശ്രമിക്കുക; മുന്തിരി ബദാം പോലെയുള്ള നിരവധി പ്രോട്ടീൻ അടങ്ങിയ ഭക്ഷണങ്ങൾ കൂടെ കരുതുക; അത് കോഫിയുടെയോ ഗ്രീൻ ടീയുടേയോ കൂടെ ഉപയോഗിക്കുന്നത് ഫജ്‌റിന് കൂടുതൽ നേരം പള്ളിയിൽ ഇരിക്കാൻ സഹായിക്കും. بإذن الله

ളുഹറിന് മുൻപ്;
20 - 30 മിനിറ്റ് ഖൈലൂല ശീലമാക്കുക. അത് ളുഹർ മുതൽ ഇഷാ വരെയുള്ള ത്വലബുൽ ഇൽമിൽ കൂടുതൽ ഉന്മേഷം നൽകും. بإذن الله

ഖൈലൂല ഉറങ്ങുന്നത് 30 മിനിറ്റിൽ കൂടുതലായാൽ അത് ഗുണമല്ല, ശരീരത്തിന് ദോഷമാണുണ്ടാക്കുക. അതാണ് വൈദ്യം പറയുന്നത്. അത് വളരെ ശ്രദ്ധിക്കുക.

9: സ്വന്തം കുടുംബത്തിന്റെയും കുട്ടികളുടെയും കാര്യങ്ങൾ കൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്. അവരെപ്പറ്റി നമ്മൾ ചോദ്യം ചെയ്യപ്പെടുന്നതാണ്.
അവരെ പള്ളിയിലേക്ക് അടുപ്പിക്കുകയും കുർആനിലും ഹിഫ്‌ളിലും ദുറൂസുകളിലും തിരക്കിലാക്കുക. അല്ലെങ്കിൽ അവർ ഭക്ഷണത്തിലും വീട് മോടിപിടിപ്പിക്കലിലും അവരെപ്പോലെ വെറുതെയിരിക്കുന്നവരെ സന്ദർശനത്തിലും വാട്സാപ്പിലെ ഏഷണി പരദൂഷണങ്ങളിലും സമയം കളഞ്ഞെന്ന് വരും. നിങ്ങളുടെക്കൂടെ കുടുംബത്തെയെല്ലാം വിട്ട് നിൽക്കുന്ന അവരുടെ കാര്യം നിങ്ങൾ കുടുസ്സാക്കരുത്, കഴിവിന്റെ പരമാവധി അവർക്ക് വിശാലമാക്കിക്കൊടുക്കുക, അവരോട് മയത്തിൽ വർത്തിക്കുക. പ്രശ്നങ്ങളില്ലാത്ത കുടുംബങ്ങളില്ല. എന്നാൽ നാം നമ്മുടെ ജീവിതം കുർആനിനും സുന്നത്തിനും യോജിച്ച രീതിയിലാക്കി മാറ്റിയാൽ അതിന്റെ പരിഹാരം കാണാൻ സാധിക്കും. بإذن الله

മറുവശത്ത് നമ്മുടെ സഹോദരിമാരും ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ ഭാഗത്ത് നിന്ന് കുർആനിനോ സുന്നത്തിനോ എതിരാവുന്ന ഒരു പ്രവർത്തിയും ഉണ്ടാകാതെ നോക്കണം. അത് സ്വന്തം ഭർത്താവിനോടാണെങ്കിലും മറ്റു സഹോദരിമാരോടാണെങ്കിലും. സഹോദരിമാർക്ക് അറിയാവുന്നതാണ് റസൂൽ صلى الله عليه وسلم നരകത്തിൽ ഏറ്റവും കൂടുതൽ കണ്ടത് സ്ത്രീകളെയാണെന്നും അതിന്റെ കാരണവും.

ദുനിയാവിന്റെ സുഖസൗകര്യങ്ങളിലെല്ലാം വിട്ട് ത്വലബുൽ ഇൽമിൽ ക്ഷമിച്ച് ജീവിക്കുമ്പോൾ അതിനും ഇതിനും സമയം കളയാതെ നാം വന്നിട്ടുള്ള ലക്ഷ്യത്തിന് വേണ്ടി കൂടുതൽ ഇജ്തിഹാദ് നടത്തേണ്ടതുണ്ട്.

തുല്ലാബുകളിൽ ഏറ്റവും കൂടുതൽ കുടുംബ പ്രശ്നങ്ങൾ കണ്ടുവരുന്നത് ഇൽമിലും ഇബാദത്തിലും ശ്രദ്ധിക്കാതെ കൂടുതൽ വീട്ടിൽ ചിലവഴിക്കുന്നവരിലാണ്.

സഹോദരിമാരുടേയും കുട്ടികളുടേയും അവരറിയാത്ത വലിയ ഒരു ശത്രുവാണ് 'സ്മാർട്ട് ഫോണുകൾ'

അതിനുള്ള തെളിവാണ്; അതുമൂലം ഏറ്റവും കൂടുതൽ ദോഷങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് അവരിലാണ്.
നമ്മുടെ പ്രിയ ശൈഖും പ്രിയപിതാവുമായ ശൈഖ് യഹ്യാ حفظه الله നിരവധിതവണ അതിനെപ്പറ്റി താക്കീത് നൽകിയിട്ടുണ്ട്. സഹോദരിമാർക്കും കുട്ടികൾക്കുമുള്ള അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ടുള്ള ആത്മാർത്ഥമായ നസീഹത്താണ്. സ്മാർട്ട് ഫോണുകളൊഴിവാക്കുക. നമ്മുടെ ശൈഖ് യഹ്യ പുഞ്ചിരിതൂകി പറയുന്നതുപോലെ 'നിങ്ങൾ ഇരുട്ടിൽ വെളിച്ചം നൽകുന്ന സൗകര്യം ഉള്ള ടോർച്ച് സൗകര്യമുള്ള കുഞ്ഞ് ഫോണുകൾ ഉപയോഗിക്കുക'.

വിദേശത്തുള്ള കുടുംബത്തെ ബന്ധപ്പെടാൻ ഭർത്താവിന്റെ ഫോണിലെ ഇന്റെർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തുക. ഈ നസ്വീഹത്ത് സ്വീകരിക്കുക. കുടുംബത്തിൽ മനസ്സമാധാനം വർദ്ധിക്കും. بإذن الله

അതുപോലെത്തന്നെ അതിരാവിലെത്തന്നെ വീട്ടിലെ പണിയെല്ലാം കഴിച്ച് പള്ളിയിലേക്ക് തിരക്കുകൂട്ടുക; പുതിയ സുഹൃത്തുക്കളെ കണ്ടെത്താനല്ല നാം പള്ളിയിൽ പോകുന്നത്;

മറിച്ച് മുൻപ് പറഞ്ഞത് പോലെ നിങ്ങളെന്ന ആൾ ആ പള്ളിയിൽ ഉണ്ടെന്ന് ആരും അറിയാത്ത രീതിയിൽ പള്ളിയിൽ പോയിവരാൻ കഴിഞ്ഞാൽ ത്വലബുൽ ഇൽമിലെ വിജയമാണത്.

ഇങ്ങിനെയുള്ള കുർആനിലും ത്വലബുൽ ഇൽമിലും ചിട്ടപ്പെടുത്തിയ ഒരു ജീവിതത്തിലൂടെ ബർക്കത്തുള്ള ഒരു ജീവിതം നയിക്കാൻ കഴിയും. ഈ അവസ്ഥയിൽ നാം മരണപ്പെട്ടാൽ അതിനേക്കാൾ വലിയ വിജയമെന്താണുള്ളത്.

ഇതെല്ലാം യെമനിലെ മർക്കസുകളിൽ മാത്രമല്ല ; നാട്ടിലെ മർക്കസുകളിലും പാലിച്ച് പോരേണ്ടതാണ്. അവിടെ നിലവിലുള്ള സഹോദരങ്ങളിൽ നിന്നുള്ള പരമാവധി ഗുണങ്ങൾ സ്വീകരിക്കുക.മർക്കസുകൾ സജീവമാക്കുക ത്വലബുൽ ഇൽമിന്റെ ഈ വസന്തകാലം പരമാവധി ഉപയോഗപ്പെടുത്തുക.

ഷൈഖുമാരുടെ പൊതുവായ ദുറൂസുകൾക്കും പ്രത്യേകിച്ച് മഗ്രിബിന്റെ ദുറൂസുകളിലും ദിനേനയുള്ള സഹോദരിമാരുടെ പൂർണ്ണ സാന്നിധ്യം ഉറപ്പുവരുത്തുക.

കുട്ടികളുടെ കുർആൻ ഹിഫ്ള് 4 വയസ്സുമുതലേ തുടങ്ങാവുന്നതാണ്. നിങ്ങൾ മാതാപിതാക്കൾ വീട്ടിലും പള്ളിയിലും തിരക്കിലാകുന്ന സമയത്താണെങ്കിലും ഒരു (A-B repeat mp3 player) ഉണ്ടെങ്കിൽ ഒന്നോ രണ്ടോ ആയത്ത് ആവർത്തിച്ച് പ്ലേ ചെയ്ത് കൊടുക്കുക അവരത് കേട്ട് പഠിച്ചോളും. بإذن الله
പിന്നീട് നിങ്ങളത് കേട്ട് ഹുറൂഫുകളുടെ ഉച്ചാരണത്തിലുള്ള പിഴവുകൾ തിരുത്തിക്കൊടുത്താൽ മതി.

അതുപോലെ സൗദിയിലെ മലിക് ഫഹദ് യൂണിവേഴ്സിറ്റി പുറത്തിറക്കിയ 'ആയാത്ത്' എന്ന ആപ്ലിക്കേഷനും ഈ രീതിയിൽ ഉപകാരപ്രദമായ ഒന്നാണ്. ഹുസരിയുടേയോ മിൻഷാവിയുടേയോ ഹുദൈഫിയുടേയോ ഖിറാഅത്തുകൾ കുട്ടികൾക്ക് തജ്വീദോടുകൂടി ഹിഫ്ള് ചെയ്യാൻ നല്ലതാണ് ശബ്ദമാധുര്യമുള്ള ഖിറാഅത്തുകൾ കേൾക്കാതിരിക്കുക. അത് കുർആനിന്റെ ഉദ്ധേശത്തെ ഇല്ലാതാക്കുന്നു.

അതുപോലെത്തന്നെ ഹിഫ്ള് ചെയ്യുന്ന കുർആൻ എല്ലാ സുന്നത്ത് നമസ്കാരങ്ങളിലും പരായണം ചെയ്യുക. പിന്നീടത് രാത്രി നമസ്കാരത്തിലെ ഖിറാഅത്തിൽ ചേർക്കുക.

അത് അള്ളാഹുവിന്റെ സഹായത്തോടെ ഹിഫ്ളിന് കരുത്ത് പകരും.
കുർആൻ അല്ലാതെയുള്ള മറ്റു വിഷയങ്ങളിലെ മുതൂനുകളുടെ ഹിഫ്ളിനും മറ്റു ദുറൂസുകൾ ചിട്ടപ്പെടുത്തുന്നതിനും ഓരോ മർക്കസിലെയും മുതിർന്നവരുടെ നിർദ്ദേശങ്ങൾ തേടുക.

അതുപോലെത്തന്നെ തുല്ലാബുകൾ സ്വന്തം നാട്ടുകാരോടാണെങ്കിലും അറബിയിൽ മാത്രം സംസാരിക്കാൻ ശ്രമിക്കുക; അതുപോലെ അറബികളായ നല്ല സുഹൃത്തുക്കളെ പള്ളിയിലെ മുൻസ്വഫ്ഫുകളിൽ മുറാജഅക്കും തസ്മീഇനും തിരഞ്ഞെടുക്കുക. അവരോടുള്ള സഹവാസം കുർആനിലും സുന്നത്തിലും അറബി ഭാഷയിലും കൂടുതൽ ഗ്രഹണശേഷിയുണ്ടാക്കാൻ സഹായിക്കും إذن الله

അതുപോലെത്തന്നെ ഉറക്കത്തിൽനിന്ന് എഴുന്നേറ്റ് കുർആൻ ഹിഫ്ളും മുറാജയും കഴിയുന്നത് വരെ വാട്സാപ്പ് തുറക്കരുത്, അത് നിങ്ങളുടെ ശ്രദ്ധയെ അപഹരിക്കുന്നതിൽ വലിയ ഒരു പങ്ക് വഹിക്കുന്നുണ്ട്. അതിന്റെ അതേ ഗുണങ്ങൾ നൽകുന്ന മറ്റു അപ്ലികേഷനുകൾ ഉണ്ടെങ്കിലും വാട്സാപ്പ് ആളുകളിൽ വളരെ സ്വാധീനം ചെലുത്തുന്നുണ്ട്. അത് ഒരു ലഹരിപോലെ ആയിരിക്കുകയാണ്. അതിന്റെ സ്വാധീനത്തിൽ നാം അതിശയം കൊള്ളുന്നു. അത് എന്തുകൊണ്ടെന്നുള്ളത് ഒരു ചോദ്യച്ഛിഹ്നമായി നിൽക്കുന്നു. അതിനെ വളരെ സൂക്ഷിച്ച് അത്യാവാശ്യത്തിന് മാത്രം ഉപയോഗിക്കുക, കാരണം കുഫ്ഫാറുകൾ ആളുകളെ വഴികേടിലാക്കാൻ വേണ്ടി വിരിക്കുന്ന കെണികൾ ഏറെയാണ്. പ്രത്യേകിച്ച് മുസ്‌ലിമിനെ....
അതുപോലെ നമ്മുടെ ലക്ഷ്യങ്ങൾ വിജയത്തിലെത്തുന്നതിന് ;
ലക്ഷ്യങ്ങൾക്ക് ഒരു മറവ് നൽകി അതിലൂടെ അള്ളാഹുവിന്റെ സഹായം തേടുക.

قال صلى الله عليه وسلم
استعينوا على إنجاح الحوائج بالكتمان، فإن كل ذي نعمة محسود
الصحيحة للألباني:1452.

എല്ലാ കാര്യവും പരസ്യമാക്കാൻ പോകരുത്; ലക്ഷ്യങ്ങളിൽ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നത് അസൂയയെ തടയാൻ സഹായിക്കും. إذن الله

തുല്ലാബുകളിലെ അവിവാഹിതാരായ എന്റെ പ്രിയ സഹോദരങ്ങളോട് പറയാനുള്ള ഒരു പ്രധാനകാര്യമാണ്; സലഫികളായ ത്വലബുൽ ഇൽമിന് നല്ല താൽപര്യമുള്ള കുടുംബത്തിൽ നിന്ന് ഒരു പെൺകുട്ടിയെ കിട്ടുന്നത് വരെ വിവാഹത്തിന് തിരക്ക് കൂട്ടരുത്; അത് നിങ്ങളുടെ മുന്നോട്ടുള്ള ത്വലബുൽ ഇൽമിന്റെ വേഗത കുറക്കും; ചിലപ്പോൾ അത് ത്വലബുൽ ഇൽമിന്റെ മാധുര്യത്തെ ഇല്ലാതാക്കിയെന്നും വരും; ത്വലബുൽ ഇൽമിന് വേണ്ടപ്രാധാന്യം കൊടുക്കാത്ത അതിന്റെ ശരിയായ വിലയറിയാത്തവർ നിങ്ങളെ വിവിധതരം ഭക്ഷണപാനീയങ്ങളിലും സൽകാരങ്ങളിലും, ഇടക്കിടെയുള്ള യാത്രകളിലും അവരുടെ കച്ചവടങ്ങളിലും തിരക്കിലാക്കിയെന്ന് വരും; സുഗഭോഗങ്ങളിലേക്ക് ചായ്‌വുള്ള മനുഷ്യപ്രകൃതം ഇതിലെല്ലാം രസം പൂണ്ട് ഇൽമിന്റെ മാധുര്യം മറന്ന് പോയെന്ന് വരും.

ഇങ്ങിനെ സംഭവിച്ചവരുണ്ട് അതുകൊണ്ടാണ് പറയുന്നത്.

ത്വാലിബുൽ ഇൽമിന് ബുദ്ധിമുട്ടുകളിലും കഷ്ടപ്പാടുകളിലും ക്ഷമിക്കാൻ കഴിയുന്ന പെൺകുട്ടികളെ തിരഞ്ഞെടുക്കുക. അത് കുറച്ച് സൗന്ദര്യവും സൗകര്യങ്ങളും കുറഞ്ഞവരാണെങ്കിലും; അതാണ് നിങ്ങൾക്ക് ഗുണം ചെയ്യുന്നത്. بإذن الله

10: അവസാനമായി;

പരസ്പരം ബഹുമാനവും സാഹോദര്യവും കാത്തുസൂക്ഷിക്കുക.

വിനയം എന്ന ആ വലിയ വിശേഷണം തലപ്പാവായി സൂക്ഷിച്ചുപോരുക.

قال صلى الله عليه وسلم؛

'إِنَّ اللَّهَ أَوْحَى إِلَيَّ أَنْ تَوَاضَعُوا، حَتَّى لَا يَبْغِيَ أَحَدٌ عَلَى أَحَدٍ، وَلَا يَفْخَرَ أَحَدٌ عَلَى أَحَدٍ'.

ദീൻ സാഹോദര്യത്തിന് മുറിവേൽക്കുന്ന ഒന്നും നമ്മുടെയിടയിൽ ഉണ്ടാകാൻ പാടില്ല. ഒരു ഉമ്മയുടെ വയറ്റിൽ നിന്ന് വന്നതെല്ലെങ്കിലും അഹ്ലുസ്സുന്നയുടെ സാഹോദര്യം അതിനേക്കാൾ ശക്തപ്പെടുത്തേണ്ടതുണ്ട്. കാരണം അവർ കുറച്ചേ ഉള്ളൂ. ത്വലബുൽ ഇൽമിൽ കുറച്ചുകാലം പരിചയം സിദ്ധിച്ചവർ പുതിയ തുല്ലാബുകൾക്ക് മാർഗ്ഗദർശ്ശകരാകേണ്ടതുണ്ട്. നമുക്ക് തന്നെ നസ്വീഹത്ത് വേണ്ടവരായി മാറരുത് നാം.

ചെറിയരീതിയിൽ അറിവ്നേടിയെന്ന് കരുതി പൊങ്ങച്ചമോ അഹങ്കാരമോ കാണിക്കുകയും മറ്റുള്ളവരുടെ നസ്വീഹത്ത് സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവരാകരുത് നാം. അതെല്ലാം വഴികേടിന് വഴി വെക്കുന്നതാണ്.

ശരിയായ മൻഹജിൽ ഇസ്തിഖാമത്തോടെ മുന്നോട്ടുപോകുക; വഴിപിഴവുകളും കാലിടറലുകളും നിരവധി സംഭവിച്ചു കൊണ്ടിരിക്കുന്ന കാലമാണിത്. അതിൽ നിന്നെല്ലാം അല്ലാഹുവിനോട് കാവലിനെ തേടേണ്ടതുണ്ട്.

അഹ്‌ലുസ്സുന്നയുടെ പവിത്രമായ മൻഹജ് മനസ്സിലാക്കിയിട്ടും അതിൽ ദുനിയാവിന്റെ മരുപ്പച്ചതേടി അതിൽ നിന്ന് വഴിതെറ്റിയവരോട് നമുക്ക് പറയാനുള്ളത് ഓരോരുത്തരും അല്ലാഹുവിനെ സൂക്ഷിക്കാനും തന്റെ മആസിയത്തിനെ ഭയപ്പെടണമെന്നുമാണ്. മന്നയും സൽവയും വിട്ട് ഉള്ളിയും പയറും പകരം തേടിയ മൂസാ നബിയുടെ ഖൗമിനോടാണ് നമുക്ക് അവരെ ഉപമിക്കാനുള്ളത്. സന്മാർഗ്ഗത്തിലാക്കിയതിന് ശേഷം നമ്മുടെ ഹൃദയത്തെ ദുർമാർഗ്ഗത്തിലാക്കാതിരിക്കാൻ അല്ലാഹുവോട് നാം നിരന്തരം കാവലിനെത്തേടേണ്ടതുണ്ട്. അഹ്ലുസ്സുന്നയുടെ ദഅ്‌വക്ക് എതിരായുള്ള ശത്രുക്കളുടെ പ്രവർത്തനങ്ങൾക്ക്; കേരളം മുഴുവൻ മറിച്ച് ഇന്ത്യയിൽ തന്നെ വെളിച്ചം പരത്തി മുന്നേറിക്കൊണ്ടിരിക്കുന്ന അഹ്ലുസ്സുന്നയുടെ ദഅ്‌വത്ത് തന്നെയാണ് മറുപടി.
ഷൈഖ് മുഖ്ബിൽ رحمه الله ബിദ് അത്തിന്റെ ആളുകളെപ്പറ്റി പറഞ്ഞത് പോലെ; 'പട്ടികൾ കുരച്ചുകൊണ്ടിരിക്കും യത്രാസംഘം മുന്നോട്ട് തന്നെ....'

ഒരു മുസ്‌ലിം പ്രത്യേകിച്ച് അല്ലാഹുവിന്റെ ദീനിന്റെ വാഹകരായ തുല്ലാബുൽ ഇൽമും ദാഇകളും സന്തോഷത്തിലാണെങ്കിലും ദുഖത്തിലാണെങ്കിലും അവർ ഒരു പരിധിക്ക് പുറത്ത് പോകരുത്. അത് പിന്നീട് ദോഷത്തെ വിളിച്ചു വരുത്തിയേക്കാം. രാത്രിയിലുള്ള സൽകാരങ്ങളിൽ അതിരുകവിയുന്നതും അശ്രദ്ധയിലാകുന്നതും ശ്രദ്ധിക്കുക. കനത്തിലുള്ള ഭക്ഷണവും ദൈർഘ്യമേറിയ നിശാസല്ലാപവും സലഫുകളുടെ ഇൽമിലെ (مذاكرة) ക്ക് യോജിച്ചതല്ല. മറിച്ച് അത് പാശ്ചാത്യരുടെ സുന്നത്താണ്. അതിലൂടെ രാത്രി നമസ്കാരത്തിലും ഫജ്ർ നമസ്കാരത്തിലും അതിനു ശേഷമുള്ള ഹിഫ്ളിനും മുറാജഅക്കും വീഴ്ച്ചവരാൻ കാരണമാകും; അതിലൂടെ നാം തെറ്റുകാരാകുകയും ചെയ്യും. ഇതൊന്നുമില്ലെങ്കിലും ഫജ്ർ നമസ്കാരത്തിൽ ഉറക്കം തൂങ്ങുന്ന അവസ്ഥ വന്നാൽ തന്നെ നാം തെറ്റുകാരായി.
നന്മ നന്മയിലേക്കും തിന്മ തിന്മയിലേക്കും നയിക്കും....

സൽക്കാരപ്രിയരായ നമ്മുടെ സഹോദരന്മാർക്ക് അല്ലാഹു കൂടുതൽ നന്മകൾ വർദ്ധിപ്പിച്ചുകൊടുക്കട്ടെ; പക്ഷെ നമ്മുടെ സൽകാരം ഒരിക്കലും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്ന അവസ്ഥയിലേക്കെത്തരുത്; ഉച്ച ഭക്ഷണത്തിന് ക്ഷണിച്ച് അസറിന്

ഭക്ഷണം വിളമ്പുന്നവരാകരുത് നാം; അതുപോലെ നാം ഉച്ചഭക്ഷണത്തിന് ക്ഷണിച്ചാൽ അസറിന് എത്തുന്നവരാകരുത്; അത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കും. തുല്ലാബുൽ ഇൽമിന്റെ ജീവിതം നമസ്കാരത്തിന്റെയും ദർസിന്റെയും സമയവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിൽ വീഴ്ച്ചവരുത്തുന്ന ഒന്നും നമ്മിൽ നിന്ന് ഉണ്ടാകരുത്. നമസ്കാരത്തിന് ബാങ്കിന്റെ മുൻപ് പള്ളിയിലെത്തുന്നവരും ഒന്നാമത്തെ സ്വഫ്ഫ് കാത്തുസൂക്ഷിക്കുന്നവരുമാണെങ്കിൽ അത് പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടതുണ്ട്. മലക്കുകളുടെ സഹവാസത്തിൽ അല്ലാഹുവിന്റെ ഭവനത്തിൽ ദിക്റിലും ഖുർആൻ പാരായണത്തിലും ഇൽമിലും മുഴുകുന്നവർക്ക് അതിനേക്കാളേറെ ആനന്ദം വേറെയുണ്ടാവില്ല, ക്ഷണങ്ങളിൽ മറ്റുള്ളവരുടെ സമയവും സൗകര്യങ്ങളും പരിഗണിക്കുക.

നമ്മുടെ സഹോദരങ്ങളെല്ലാം നല്ല ഇജ്തിഹാദിൽ തന്നെയാണ്, ഇജ്തിഹാദിലും നല്ല പെരുമാറ്റത്തിലും ഇന്ത്യക്കാരായ തുല്ലാബുകൾ മഷായിഖുമാർക്കിടയിലും മറ്റു രാജ്യക്കാർക്കിടയിലും നല്ല പേരാണ്. നമ്മൾ സ്വന്തത്തിൽ നിന്നും നമ്മുടെ മറ്റു സാഹോദരങ്ങൾക്കിടയിൽ നിന്നും കൂടുതൽ കൂടുതൽ ഇജ്തിഹാദാണ് ഈ തദ്കീറിലൂടെ ഉദ്ദേശിക്കുന്നത്.

അതിന് എല്ലാവർക്കും അല്ലാഹുവിന്റെ സഹായം ഉണ്ടാവട്ടെ....

وَذَكِّرْ فَإِنَّ الذِّكْرَىٰ تَنفَعُ الْمُؤْمِنِينَ

മുകളിൽ പറഞ്ഞകാര്യങ്ങളെല്ലാം അത്ര എളുപ്പമല്ല പാലിച്ചുപോരാൻ.
എന്നാലും അതിന് അല്ലാഹുവിന്റെ സഹായം തേടുക; കാരണം നമ്മുടെ നഫ്സ് കൂടുതൽ സുഖഭോഗങ്ങളിലേക്കും തെറ്റിലേക്കും നയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒന്നാണ്. അതിന് തടയിടാൻ 100 പ്രാവശ്യം,

لا إله إلا الله وحده لا شريك له له الملك وله الحمد وهو على كل شيء قدير

സ്ഥിരമായി വിടാതെ ചെയ്തുപോരുക;

അതുപോലെത്തന്നെ രാത്രിയിലെ അദ്കാറുകൾ നാം ഒരിക്കലും ചെയ്യാതിരിക്കാൻ മറക്കരുത്. മുഅവ്വിദാത്ത്, ആയത്തുൽ കുർസി, ആമന റസൂൽ അതുപോലെ

ബാക്കിയുള്ള അദ്കാറുകളും; പ്രത്യേകിച്ച് 33 പ്രാവശ്യം,

سبحان الله ،الحمد لله، الله الأكبر

ഇത് പാലിച്ച് പോരുന്നത് നമുക്ക് പകലിലെ ത്വലബുൽ ഇൽമിൽ കൂടുതൽ കരുത്ത് പകരും; ഇതിൽ വീഴ്ച്ച വരുത്തുന്നത് ആരോഗ്യത്തിനെ വരെ ബാധിക്കുന്നതായി കാണാൻ സാധിക്കും; മുഅവ്വിദാത് പോലെയുള്ളതിലുള്ള വീഴ്ച്ചവരുത്തൽ മറ്റു പലദോശങ്ങൾക്കും കാരണമാക്കിയേക്കാം.

അതുപോലെ രാത്രിയുടെ അന്ത്യയാമങ്ങളിൽ തഹജ്ജുദിനും ഇസ്തിഗ്ഫാറിനും എഴുന്നേൽക്കുന്ന ഒരു മുസ്‌ലിമിന് പ്രത്യേകിച്ച് ത്വാലിബുൽ ഇൽമിന് ലഭിക്കുന്ന ഒരു സുവർണ്ണാവസരമാണ് ഈ ദിക്റിന്റെ ഗുണം.

عن عُبَادَةُ بْنُ الصَّامِتِ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : ' مَنْ تَعَارَّ
مِنَ اللَّيْلِ فَقَالَ : لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ
قَدِيرٌ، الْحَمْدُ لِلَّهِ، وَسُبْحَانَ اللَّهِ، وَلَا إِلَهَ إِلَّا اللَّهُ، وَاللَّهُ أَكْبَرُ، وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ، ثُمَّ
قَالَ : اللَّهُمَّ اغْفِرْ لِي أَوْ دَعَا اسْتُجِيبَ لَهُ، فَإِنْ تَوَضَّأَ قُبِلَتْ صَلَاتُهُ
صحيح البخاري :1154

ആരെങ്കിലും രാത്രി എഴുന്നേറ്റ് ഈ ദിക്റിന് ശേഷം ദുആ ചെയ്താൽ അത് സ്വീകരിക്കപ്പെടും; അതുപോലെ എഴുന്നേറ്റ് നമസ്കരിച്ചാൽ അതും സ്വീകരിക്കപ്പെടും.

ഈ മഹത്തായപ്രതിഫലം നാം ഒരിക്കലും പാഴാക്കരുത്.
എല്ലാവരും ഈ ദുആ ഹിഫ്ള് ചെയ്യണമെന്ന് നസ്വീഹത്ത് ചെയ്യുന്നു. بارك الله فيكم

അതുപോലെത്തന്നെ രാത്രി ഉറങ്ങി എഴുന്നേൽക്കുമ്പോഴുള്ള മറ്റൊരു സുന്നത്താണ് സൂറത്ത് ആൽ ഇമ്രാനിലെ,

إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافِ اللَّيْلِ وَالنَّهَارِ لَآيَاتٍ لِأُولِي الْأَلْبَابِ

എന്ന് തുടങ്ങുന്ന അവസാനത്തെ 11 ആയത്തുകൾ ചിന്തിച്ച് പാരായണം ചെയ്യുക എന്നത്.

അതുപോലെ പ്രധാനപ്പെട്ട ദുആ സ്വീകരിക്കപ്പെടുന്ന ഒരു സമയമാണ് വെള്ളിയാഴ്ച്ചയുടെ മഗ്രിബിന്റെ മുൻപുള്ള സമയങ്ങൾ.

الصالحين رياض ، المؤمن حصن പോലെയുള്ള കിതാബുകളിലെ (جوامع الدعاء) ഈ സമയങ്ങളിൽ ഉപയോഗപ്പെടുത്താനും എന്റെ സലഫി സാഹോദരി സഹോദരങ്ങളോട് നസ്വീഹത്ത് നൽകുന്നു.

അതുപോലെത്തന്നെ സൂറത്തുൽ ബഖറ ദിവസവും ദിവസത്തിന്റെ തുടക്കത്തിൽ തന്നെ ഓതിത്തീർക്കാൻ ശ്രമിക്കുക അത് നമുക്ക് ഖൈറിലേക്ക് മുന്നേറാൻ കരുത്ത് നൽകുകയും ശർറുകളെ വിലങ്ങ് വെക്കാൻ വളരെയധികം സഹായിക്കുന്നതാണ്. ബഖറ സിഹ്റിനോ മസ്സിനോ മാത്രം ഓതാനുള്ളതല്ല, അത് ഇൽമിന്റെയും ദഅ്വത്തിന്റെ-യും പോർക്കളത്തിൽ ശൈത്താനെ നേരിടുന്നതിനുള്ള ഒരു പരിച കൂടിയാണ്.
സൂറത്തുൽ ബഖറയുടെ ശ്രേഷ്ഠതയെപ്പറ്റി ത്വുല്ലാബുൽ ഇൽമിനോട് പറയേണ്ടതില്ലല്ലോ..

അതു പോലെ നാം കുർആന്റെ ആളുകളായിമാറാൻ പരിശ്രമിക്കുക. അത് മുറുകെപ്പിടിച്ചാൽ മറ്റുള്ളതെല്ലാം എളുപ്പമാകും. അവർ തന്നെയാണ് ഉന്നതിയിലെത്തുന്നവരും.

നമ്മുടെ നാവിനെ എപ്പോഴും അള്ളാഹുവിന്റെ സ്മരണകൾ കൊണ്ട് മൃദുലമാക്കുക. നല്ലകാര്യങ്ങളുടെ താക്കോലാകാനും ചീത്തകാര്യങ്ങൾക്ക് താഴിടുന്നവരാകാനും ശ്രമിക്കുക. അള്ളാഹുവിനോട് ദുനിയാവിലും ആഖിറത്തിലും നല്ലതിനെ ചോദിക്കുക, മരണചിന്തകൾ വർദ്ധിപ്പിക്കുക, നരകത്തിൽ നിന്ന് രക്ഷതേടുക. അള്ളാഹുവിനോട് നല്ലപര്യവസാനം ചോദിക്കുക.
തഖ്വ പാലിച്ചവർക്കാണ് നല്ല പര്യവസാനം. അവർക്ക് വേണ്ടിയാണ് സ്വർഗ്ഗം ഒരുക്കിവെക്കപ്പെട്ടിരിക്കുന്നതും.

അടുക്കും ചിട്ടയുമുള്ള അള്ളാഹുവിന് കൂടുതൽ ത്വാഅത്ത് വർദ്ധിപ്പിച്ചുള്ള ഫലപ്രദമായ ഒരു പുതിയ ഹിജ്റി വർഷത്തെ സ്വാഗതം ചെയ്യാൻ അള്ളാഹു നമുക്ക് തൗഫീഖ് നൽകട്ടെ...

وَاتَّقُوا يَوْمًا تُرْجَعُونَ فِيهِ إِلَى اللَّهِ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ

ഇതിൽ അധികവും നമ്മുടെ ഉലമാക്കളിൽ നിന്നുള്ള പലസമയങ്ങിളിലായി കേട്ട ചില നസ്വീഹത്തുകളുടെ ഒരു സംഗ്രഹമാണ്.

ആദ്യമായി ഈ നസ്വീഹത്ത് എഴുത്തുകാരന് തന്നെയാണ് ആവശ്യം.
ആ നസ്വീഹത്തുകളെല്ലാം ഈ സഹോദരൻ ഒന്ന് ചിട്ടപ്പെടുത്തി എടുത്തെന്നേ ഉള്ളൂ; പോരായ്മകൾ വന്നേക്കാം. എന്നാലും അല്ലാഹുവിന്റെ ബറകത്ത് അതിൽ ചോദിച്ച് അത് നിങ്ങളുടെ വായനക്ക് സമർപ്പിക്കുന്നു.

لا حول ولا قوة إلا بالله

അൽ വാബിൽ അസ്സ്വയ്യിബ് എന്ന കിതാബിൽ ഇബ്ൻ അൽ ഖയ്യിം رحمه الله **പറഞ്ഞ അല്ലാഹുവിന്റെ സ്മരണക്കുള്ള (ദിക്റിന്റെ) 100 മനോഹരമായ ഫാഇദകളിൽ നിന്ന് തിരഞ്ഞെടുത്ത ചിലതിന്റെ സംഗ്രഹത്തോടെ ഈ കുഞ്ഞുലേഖനത്തിന് വിരാമം കുറിക്കുന്നു.**

അല്ലാഹുവിന്റെ സ്മരണ; അത്

1. ശൈത്താനെ അകറ്റും.
2. അത് അല്ലാഹുവിന്റെ പ്രീതി നൽകും.
3. അത് മനസ്സിന് സന്തോഷവും വിശാലതയും നൽകും.
4. അത് ശരീരത്തെയും മനസ്സിനെയും ശക്തിപ്പെടുത്തും.
5. അത് മുഖത്തെയും ഹൃദയത്തെയും ശോഭിപ്പിക്കും.
6. അത് രിസ്ക് കൊണ്ടുവരും.
7. അത് അല്ലാഹുവിന്റെ സ്നേഹത്തിന് പാത്രമാക്കും.
8. അത് അല്ലാഹുവിനെ ഇഹ്സാനോടുകൂടി ഇബാദത്ത് ചെയ്യാൻ സഹായിക്കും.
9. അത് അല്ലാഹുവിലേക്ക് തെറ്റുകളിൽ നിന്ന് തൗബ ചെയ്ത് മടങ്ങാൻ സഹായിക്കും.
10. അത് അല്ലാഹുവിലേക്ക് അടുക്കാൻ സഹായിക്കും.
11. അത് അല്ലാഹുവിനെപ്പറ്റി (അവന്റെ നാമവിശേഷണങ്ങളിൽ) അറിവ് വർദ്ധിപ്പിക്കും.
12. അത് അല്ലാഹുവിന്റെ സദസ്സിൽ നമ്മുടെ സ്മരണക്ക് കാരണമാക്കും.
13. അത് മനസ്സിന് ജീവൻ പകരും; ഷൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറഞ്ഞത് പോലെ; മനസ്സിന് ദിക്ർ (അല്ലാഹുവിന്റെ സ്മരണ); മത്സ്യത്തിന് വെള്ളം പോലെയാണ് വെള്ളത്തിൽ നിന്ന് പുറത്ത് വന്നാൽ എന്തായിരിക്കും മത്സ്യത്തിന്റെ അവസ്ഥ...!

14. അത് തെറ്റുകളെ മായ്ച്ചുകളയും.
15. അത് അല്ലാഹുവും അവന്റെ അടിമയും തമ്മിലുള്ള അപരിചിതത്തം ഇല്ലാതാക്കും.
16. അത് നമ്മുടെ ബുദ്ധിമുട്ട് ഘട്ടങ്ങളിൽ അള്ളാഹു നമ്മെ ഓർക്കാൻ കാരണമാക്കും.
17. അത് അള്ളാഹുവിന്റെ ശിക്ഷയിൽനിന്ന് കാവൽ നൽകും.
18. അത് നാക്കിനെ ഏഷണിയിൽ നിന്നും പരദൂഷണത്തിൽ നിന്നും തടയും.
19. അതിന്റെ മജ്ലിസ് മലക്കുകളുടെ മജ്ലിസാണ്; മറ്റുള്ളത് നേരെ തിരിച്ചും.
20. അത് ഏറ്റവും എളുപ്പമുള്ളതും; ഉത്തമമായതും ഏറ്റവും ശ്രേഷ്ഠതയുള്ളതുമാണ്.
21. അത് സ്വർഗ്ഗത്തിലെ വിളവുകളാണ്.
22. അത് വളരെയധികം പ്രതിഫലങ്ങൾ നൽകപ്പെടുന്ന ഒന്നാണ്.
23. ദിക്ർ ചെയ്യുന്നവന് അത് ദുനിയാവിലും, ഖബറിലും, ആഖിറത്തിലും അത് പ്രകാശമാകും.
24. മനസ്സ് കടുത്തുപോയാൽ ദിക്ർ അതിനെ അലിയിക്കുന്നു.
25. അത് മനസ്സിന് മരുന്നും ശമനവുമാകുന്നു.
26. അത് അനുഗ്രഹങ്ങൾ നേടിത്തരുന്നു; ദോഷങ്ങൾ തടുക്കുകയും ചെയ്യുന്നു.
27. അള്ളാഹുവിനെ സ്മരിക്കുന്നവന് അള്ളാഹുവിന്റെയും അവന്റെ മലക്കുകളുടേയും സ്വലാത്ത് ലഭിക്കും.
28. ദിക്ർ അള്ളാഹുവിന്റെ ത്വാഅത്തിന് സഹായകമാകും.
29. അത് ബുദ്ധിമുട്ടുകൾ എളുപ്പമാക്കും.
30. അത് മനസ്സിലെ ഭയത്തെ അകറ്റും.
31. അത് നമ്മുടെയും നരകത്തിന്റെയും ഇടയിലുള്ള ഒരു മതിൽകെട്ടാണ്.
32. മലക്കുകൾ അവക്ക് വേണ്ടി പാപമോചനം തേടിക്കൊണ്ടിരിക്കും.
33. കല്ലും, മുള്ളും, മലകളും, മരങ്ങളും എല്ലാം നിങ്ങളുടെ ദിക്റിന് സാക്ഷ്യം വഹിക്കും.

والحمد لله رب العالمين

***

٣٠-ذوالحجة-١٤٤٤

حضرموت - اليمن